**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **06-10-2025 - ൽ മറുപടിയ്ക്ക്**

# ലോട്ടറി മേഖലയിലെ നികുതി വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള ജി. എസ്. ടി. നിരക്ക് പരിഷ്കരണം സംസ്ഥാനത്തെ ലോട്ടറി മേഖലയിൽ നികുതി വർദ്ധനവിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള ജി.എസ്.ടി. നിരക്ക് പരിഷ്കരണം സംസ്ഥാനത്തെ ലോട്ടറി മേഖലയിൽ നികുതി വർദ്ധനവിന് കാരണമായിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റിന് മേലുള്ള ജി.എസ്.ടി. 28% -ൽ നിന്നും 40% ആയി വർദ്ധിച്ചു. |
| (ബി) | ലോട്ടറി മേഖലയുടെ തകർച്ചയ്ക്ക് വഴിയൊരുക്കാൻ സാധ്യതയുള്ള നികുതി പരിഷ്കരണത്തിന്റെ അനന്തര ഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഭാഗ്യക്കുറി ടിക്കറ്റിന് മേലുള്ള ജി.എസ്.ടി. 28% -ൽ നിന്നും 40% ആയി വർധിപ്പിച്ചത് ലോട്ടറി മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മറ്റു തൊഴിൽ ചെയ്യാൻ സാധിക്കാത്ത, ജീവനോപാധിയായി ലോട്ടറി വ്യാപാരത്തെ ആശ്രയിക്കുന്ന നിരവധി സാധാരണ ജനങ്ങളുടെ തൊഴിൽ മേഖല എന്ന നിലയിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുന്നതിനായി, സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവ് സംഭവിക്കുമെങ്കിലും, ടിക്കറ്റ് വിലയിൽ വർദ്ധനവ് വരുത്താതെ നിലവിലെ നിരക്കിൽ തന്നെ ടിക്കറ്റുകൾ വില്പന നടത്തുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുക, പൊതുജനങ്ങൾക്ക് അധിക ഭാരമുണ്ടാക്കാതിരിക്കുക എന്നിവയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. നികുതി പരിഷ്കരണം 22/09/2025 മുതലാണ് പ്രാബല്യത്തിൽ വന്നത്. ആയതിനാൽ നികുതി പരിഷ്കരണത്തിന്റെ അനന്തരഫലങ്ങൾ വിലയിരുത്തുന്ന- തിന് കൂടുതൽ സമയം ആവശ്യമാണ്. |
| (സി) | സംസ്ഥാനത്തെ ലോട്ടറി മേഖലയിലെ തൊഴിലാളികളെയും കുടുംബാംഗങ്ങളെയും ബാധിക്കുന്ന നികുതി പരിഷ്കരണം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുള്ള ജി.എസ്.ടി നിരക്ക് പരിഷ്കരണം സംസ്ഥാന ലോട്ടറി മേഖലയിലെ തൊഴിലാളികളെയും കുടുംബാംഗങ്ങ-ളെയും ഒരു തരത്തിലും ബാധിക്കാത്ത രീതിയിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പരിഷ്കരണം പിൻവലിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ മേഖലയെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ? | (ഡി) | ഭാഗ്യക്കുറി ടിക്കറ്റിന് മേലുള്ള ജി.എസ്.ടി. 28% -ൽ നിന്നും 40% ആയി വർധിപ്പിച്ചത് ലോട്ടറി മേഖലയെ പ്രതികൂലമായി ബാധിച്ചു. മറ്റു തൊഴിൽ ചെയ്യാൻ സാധിക്കാത്ത നിരവധി സാധാരണ ജനങ്ങളുടെ തൊഴിൽ മേഖല എന്ന നിലയിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ ടിക്കറ്റ് വില വർധിപ്പിച്ചിട്ടില്ല. ഇത് സർക്കാരിന്റെ ആകെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാക്കും. സമ്മാനത്തുകയിലും ഏജന്റ് പ്രൈസ്, ഡിസ്കൗണ്ട് എന്നിവയിലും നാമ മാത്രമായ കുറവ് വരുത്തിയാണ് ജി.എസ്.ടി. വർദ്ധനവിനെ നേരിട്ടത്. ഇത്തരത്തിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ